**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 539** **23-02-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി ദെലീമ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ തന്ത്രപ്രധാനമായവയുൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും സ്വകാര്യവൽക്കരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിച്ച് ശാക്തീകരിക്കാനുള്ള നടപടികൾ വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ രാജ്യത്തെ തന്ത്രപ്രധാനമായവയുൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും സ്വകാര്യവല്ക്കരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിച്ച് പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള ബദൽ നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും, സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ട് കൂടുതൽ മത്സരക്ഷമമാകേണ്ടതുണ്ട് എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ അനുയോജ്യമായ ആധുനികവത്ക്കരണം, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്ലാനുകൾ വിശദമായി വിലയിരുത്തി സർക്കാർ അംഗീകാരത്തോടെ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വിപണിയിൽ നേരിടുന്ന കടുത്ത മത്സരം അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഉൽപ്പാദന സേവന സംവിധാനങ്ങളിൽ കാലാനുസൃതമായ നവീകരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടത്തുവാൻ സർക്കാർ പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. പ്രവർത്തന മൂലധനത്തിന് അപര്യാപ്തത നേരിടുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തി നൽകിവരുന്നതോടൊപ്പം ആവശ്യമായ കമ്പനികൾക്ക് അധിക സാമ്പത്തിക സഹായവും നൽകി വരുന്നുണ്ട്. കൂടാതെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുകയും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും അതാത് മേഖലയിൽ വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനോടൊപ്പം നൂതന ഇ-ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിങ് ഡയറക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികളും ഇതിനോടൊപ്പം നടത്തി വരുന്നുണ്ട്. |
| (ബി) | പൊതുമേഖലയുടെ ആധുനികവൽകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള ഹ്രസ്വ, മധ്യ, ദീർഘകാല പദ്ധതികളടങ്ങുന്ന മാസ്റ്റർ പ്ലാനിന്റെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ; | (ബി) | കെമിക്കൽ, ഇലക്ട്രിക്കൽ, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, ടെക്സ്റ്റൈൽസ്, സിറാമിക്സ് ആൻറ് റിഫ്രാക്ടറീസ്, ട്രഡീഷണൽ ആന്റ് ഇൻഫ്രാസ്ട്രക്ചർ എന്നീ ഏഴ് സെക്ടറുകളിലായി വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഷോർട്ട് ടേം, മിഡ് ടേം, ലോംഗ് ടേം എന്നീ 3 ഘട്ടങ്ങളിലായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ മാസ്റ്റർപ്ലാനുകൾ രൂപപ്പെടുത്തിയിട്ടുണ്ട്. കമ്പനികളുടെ മാസ്റ്റർപ്ലാൻ അടിസ്ഥാനമാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. പ്രസ്തുത മാസ്റ്റർപ്ലാനുകൾ പരിശോധിച്ച് വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് കമ്പനികളെ സഹായിക്കുന്നതിനും മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്ത പദ്ധതികളുടെ നടത്തിപ്പിലും അതിന്റെ പുരോഗതി വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കമ്പനികൾക്ക് നൽകുന്നതിനും അതാത് മേഖലകളിൽ നിന്നുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. മാസ്റ്റർപ്ലാൻ |

| | | | |
|---|---|---|---|
| | | | പ്രകാരം നടപ്പിലാക്കുന്ന 175 പദ്ധതികൾ 2030ൽ പൂർത്തിയാകുന്നതോടെ വിവിധ സ്ഥാപനങ്ങളിലായി 9467 കോടി രൂപയുടെ അധിക നിക്ഷേപം ഉണ്ടാകുമെന്നും സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുകയും അതിലൂടെ അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | അടച്ചുപൂട്ടിയ എച്ച്.എൽ.എൽ. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; | (സി) | ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (എച്ച്.എൽ.എൽ.) സ്വകാര്യ വൽകരിക്കുന്നതിന്റെ ഭാഗമായുള്ള കേന്ദ്ര സർക്കാരിന്റെ ലേല നടപടികളിൽ പങ്കെടുക്കുന്നതിനും കേരളത്തിലുള്ള സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനും മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഐ.ഡി.സി-യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | കെ.പി.പി.എൽ. ( Kerala Paper Products Ltd. )-ൽ ലക്ഷ്യമിടുന്ന വികസനത്തെക്കുറിച്ച് അറിയിക്കാമോ? | (ഡി) | കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ (എച്ച്.എൻ.എൽ.) സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർനാമകരണം ചെയ്ത് പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കമ്പനിയിൽ നിലവിലുള്ള പ്ലാന്റുകളുടെയും മെഷിനറികളുടെയും നവീകരണവും വിപുലീകരണ വൈവിധ്യവത്ക്കരണ പദ്ധതികളും വിവിധ ഘട്ടങ്ങളായി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 75.15 കോടി രൂപയുടെ പ്രവർത്തന മൂലധനമുൾപ്പെടെ 154.39 കോടി രൂപയുടെ ഒന്നും രണ്ടും ഘട്ട നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടുകൂടി 42 GSM & 45 GSM ലോവർ ഗ്രാമേജസ് ന്യൂസ് പ്രിന്റും, 52 GSM – 70 GSM അൺ - സർഫസ് ഗ്രേഡിലുള്ള എഴുതുന്നതിനും പ്രിന്റിംഗിനും ഉപയോഗിക്കുന്ന പേപ്പർ നിർമ്മിക്കുന്നതിനും നാധിക്കുന്നതാണ്. ഈ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ കമ്പനിക്ക് പൂർണ്ണതോതിൽ പേപ്പർ ഉൽപ്പാദനം ആരംഭിക്കാൻ സാധിക്കുന്നതാണ്. കൂടാതെ, കപ്പാസിറ്റി എക്സ്പാൻഷൻ, വൈവിധ്യവൽക്കരണം എന്നിവയ്ക്കായി യഥാക്രമം 650 കോടി രൂപയുടെയും 350 കോടി രൂപയുടെയും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാകുന്നതോടെ കമ്പനിയ്ക്ക് തന്ത്ര പ്രധാനമായ പാക്കേജിങ് & പേപ്പർ ബോർഡ് നിർമ്മാണ മേഖലയിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ